ഉത്തരം

സ്റ്റേഡിയം നിർമ്മാണം ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ ചുമതലയിലാണ് നടക്കുന്നത്. 25 ലക്ഷം രൂപ ഈ വകുപ്പ് മുഖേന സ്റ്റേഡിയം നിർമ്മാണത്തിനായി അനുവദിച്ചിട്ടുണ്ട്. മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിനായി ആലപ്പുഴ നഗര സഭ വക 5.96 ഏക്കർ സ്ഥലത്ത് 80 ശതമാനം ഫില്ലിംഗ് ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതായും, 400 മീറ്റർ ട്രാക്ക് സൗകര്യത്തോടുകൂടി സ്റ്റേഡിയം വികസിപ്പിക്കുന്നതിന് 4 ഏക്കർ സ്ഥലംകൂടി ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്നും സ്റ്റേഡിയം നിർമ്മാണക്കമ്മിറ്റി ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും ആലപ്പുഴ മുനിസിപ്പാലിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതു സംബന്ധിച്ച്

141 [454] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത കോഴിക്കോട് കാരന്തൂരിലെ പാറ്റേൺ സ്പോർട്ട്സ് ക്ലബിന് മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ക്ലബ്ബിന്റെ കീഴിൽ നിരവധിപേർ സംസ്ഥാന ജില്ലാ പ്രതിഭകളായി വളർന്ന് വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ലബ്ബിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സഹായം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഈ സഹായം എന്ന് ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) മിനി ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായത്തിനായി നിവേദനം സ്പോർട്ട്സ് കൗൺസിലിലും അപേക്ഷ സ്പോർട്ട്സ് ഡയറക്ടറേറ്റിലും ലഭിച്ചിട്ടുണ്ട്. നിശ്ചിത ഫാറത്തിലുള്ള അപേക്ഷയും മറ്റു അനുബന്ധ രേഖകളും ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതു ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly